**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ.കളുടെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.ടി.ഐ.കളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും പരിശീലന മേന്മ വർദ്ധിപ്പിക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | ഐ.ടി.ഐ കളുടെ അടിസ്ഥാന സൗകര്യവികസനത്തിന് മതിയായ കെട്ടിട നിർമ്മാണത്തിലേയ്ക്കായി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗിന്റെ മാനദണ്ഡ പ്രകാരം ഭൂമി ലഭ്യമാക്കാനുതകുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കിഫ്ബി ഫണ്ട് വിനിയോഗത്തിലൂടെ വകുപ്പിനു കീഴിലുള്ള 10 ഐ.ടി.ഐ.കളെയും സംസ്ഥാന ഫണ്ട് വിനിയോഗിച്ച് 2 ഐ.ടി.ഐ.കളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക്  ഉയർത്തുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരുകയാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാകാത്ത സ്ഥാപനങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പരിശീലനമേന്മ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ ഏകീകരിക്കപ്പെട്ടതും ഗുണമേന്മയുള്ളതുമായ പരിശീലന സംവിധാനം നടപ്പിലാക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് പരിചയപ്പെടുത്തുന്ന കോഴ്സുകൾ പരമാവധി  സ്ഥാപനങ്ങളിൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. റീവാമ്പിംങ് പ്രക്രിയയിലൂടെ കാലഹരണപ്പെട്ട കോഴ്സുകൾ പരമാവധി ഒഴിവാക്കി കാലോചിതമായ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കായി തൊഴിൽ സാധ്യത ഒരുക്കുന്നതിന് ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ടോ; | (ബി) | വ്യാവസായിക പരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും നോഡൽ ഐ.ടി.ഐ കളിൽ വച്ച് എല്ലാ വർഷവും ജോബ് ഫെയർ സംഘടിപ്പിക്കാറുണ്ട്. 2023 വർഷത്തെ ജോബ് ഫെയർ ജനുവരി 16 മുതൽ 23 വരെയുള്ള തീയതി |

| | | | |
|---|---|---|---|
| | | | കളിൽ 14 ജില്ലകളിലും സംഘടിപ്പിച്ചു. പ്ലേസ്മെന്റ് നടപടികൾ നടന്നു വരുന്നു. |
| (സി) | തൊഴിൽ സാധ്യതകൾക്കനുസരിച്ച് സമയബന്ധിതമായി കോഴ്സുകൾ പുന:സംഘടിപ്പിക്കുന്നതിനും ഉള്ളടക്കം പരിഷ്കരിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ആഗോള തലത്തിൽ മാറി മാറി വരുന്ന തൊഴിൽ മേഖലയ്ക്ക് അനുസൃതമായി കാലാകാലങ്ങളിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്-ഡൽഹി കോഴ്സുകളുടെ സിലബസ് പരിഷ്കരിച്ചു വരുന്നു. നിലവിൽ ന്യൂ ജനറേഷൻ കോഴ്സുകൾ ഉൾപ്പെടുത്തി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് സിലബസ് പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി സിലബസ് പ്രകാരമുള്ള പരിശീലനം നല്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ